മൂന്ന്

# ഗർഭശ്രീമാൻ; പുണ്യവാൻ

## നിത്യചൈതന്യയതി

നാളുകൾക്കുമുൻപ് വാഴ്ത്തപ്പെട്ട ചാവറ അച്ചനെ അനുസ്മരിച്ചുകൊണ്ട് ഒരു ലേഖനം എഴുതണമെന്ന് ഫാ.ഇസഡ്. എം.മൂഴൂർ എന്നോട് ആവശ്യപ്പെട്ടപ്പോൾ എന്തുചെയ്യണമെന്നറിയാതെ ഞാൻ കുറച്ചൊന്നു വിഷമിച്ചു. അദ്ദേഹം എഴുതിയ ഖണ്ഡകാവ്യം, അതു മലയാളത്തിലെ ഒന്നാമത്തെ ഖണ്ഡകാവ്യമാണെന്നു മലയാള വായനക്കാരെ പരിചയപ്പെടുത്തിക്കൊണ്ട് ഫാ. മൂഴൂർ പ്രസിദ്ധം ചെയ്തത് ഒരിക്കൽ ധൃതഗതിയിൽ ഒന്നു വായിക്കാനിടയായതേ ഉണ്ടായിരുന്നുള്ളു. അതുകൊണ്ട് എന്റെ നിസ്സഹായത ഞാൻ അറിയിച്ചു. എന്റെ പ്രയാസം ഒഴിവാക്കാനായി ചാവറയച്ചന്റെ ജീവചരിത്രവും പ്രധാനപ്പെട്ട കൃതികളും അയച്ചുതന്നു അദ്ദേഹം സഹായിച്ചു.

*അനസ്താസ്യായുടെ രക്തസാക്ഷ്യം* എന്ന ഖണ്ഡകാവ്യം വായിച്ചു കേട്ടതിനുശേഷം ഞാൻ കുളിമുറിയിലേയ്ക്കു പോയി. ശരീരത്തിൽ ആകെ എണ്ണയും കുഴമ്പും തേച്ചിട്ടുണ്ടായിരുന്നു. കുളിമുറിയിൽ കയറി കുളിക്കുവാൻ നില്ക്കുമ്പോൾ ഇടുപ്പിലും അടിവയറ്റിലുമായി ഒരു വലിയവേദന. പെട്ടെന്നു ശരീരമാകെ വിയർത്തു. ബോധമയക്കത്തിന്റെ വക്കുവരെ എത്തി. രണ്ടു കൈകൾകൊണ്ടും കുളിമുറിയുടെ ജനൽപ്പടിയിൽ ഉറച്ചുപിടിച്ചുകൊണ്ടു വീഴാതെ നില്ക്കുവാൻ പരിശ്രമിച്ചു. ശരീരത്തിലുണ്ടാകുന്ന ചെറിയ ചലനംപോലും പറഞ്ഞറിയിക്കാൻ വയ്യാത്ത വേദന ഉണ്ടായിക്കൊണ്ടിരുന്നു. കുളിക്കുവാൻ പകർന്നുവെച്ചത് ചൂടുവെള്ളമായിരുന്നെങ്കിലും അതു കുനിഞ്ഞു മുക്കി എടുക്കുവാൻ കഴിഞ്ഞില്ല.

പതിനഞ്ചു മിനിട്ടോളം ഞാൻ ആ നിലയിൽ നില്ക്കുമ്പോൾ യേശു ശരീരത്തിൽ അനുഭവിച്ച പീഡയും കഷ്ടതകളും, സെയിന്റ് ജോൺ ഓഫ് ദി ക്രോസ് സഹിക്കേണ്ടിവന്ന ക്രൂരമായ പീഡനങ്ങളും ആവിലായിലെ മാതാവായ വിശുദ്ധ തെരീസായുടെ ദീർഘകാലരോഗവും പിന്നീടുണ്ടായ പരീക്ഷണങ്ങളും അവസാനമായി ഭരണങ്ങാനത്തുള്ള വാഴ്ത്തപ്പെട്ട സിസ്റ്റർ

അൽഫോൻസായുടെ ദുരിതങ്ങളും മനുഷ്യവേദനയുടെ പല നിദർശനങ്ങളായി ഓർത്തുപോയി. അരമണിക്കൂർ മുമ്പുമാത്രം വായിച്ചിരുന്ന കാവ്യത്തിൽ അനസ്താസ്യായുടെ ചിത്രം വരേണ്യകവിയായ ചാവറയച്ചൻ വരച്ചുകാട്ടിയിട്ടുള്ളത് ഓർത്തപ്പോൾ ഹൃദയം ആർദ്രമായി.

ഭാരതീയമായ ആദ്ധ്യാത്മാനുഭവത്തിന്റെ സ്വഭാവമല്ല ക്രൈസ്തവഗൂഡാവബോധം നമ്മുടെ മുമ്പിൽ മാർഗ്ഗദർശനത്തിനായി എടുത്തുവച്ചിട്ടുള്ളത്. ഹിന്ദുക്കളുടെ ആദ്ധ്യാത്മപ്രതീകം മുരളീധരനായ ശ്രീകൃഷ്ണന്റെ ചുറ്റും പ്രേമവിവശരായി നൃത്തം ചെയ്യുന്ന ഗോപികമാരുടേതാണ്. *മഹാപാപിയായ എനിക്കു ദൈവമേ, നീ മനുഷ്യന്റെ ഛായയും ദൈവസ്നേഹത്തിനായി ദാഹിക്കുന്ന മനസ്സും തന്നല്ലോ* എന്നു പറഞ്ഞ് ക്രിസ്ത്യാനി തന്റെ കൃതജ്ഞത ദൈവത്തിനു സമർപ്പിക്കുന്നു.

*ആദിനായകനായ സർവ്വേശ്വരൻ*
*ആദത്തിൽ സുതനായ്ച്ചമച്ചെന്നെയും*
*ആയതിനെന്തുകാരണം ദൈവമേ*
*ആദ്യഹീനനാം നിന്റെ ദയതന്നെ.*
*ഇഹലോകത്തിൽ കാണും മൃഗത്തെപ്പോൽ*
*ഇകൃമിയായ എന്നെയും ചെയ്തെങ്കിൽ*
*ഇതിന്തിന്നെന്നു നിന്നോടുണർത്തിപ്പാൻ*
*ഇഹലോകേ പരലോകേയാരുള്ളു.*[1]

അതേ സമയത്ത് ഹിന്ദു പറയാറുള്ളത് *എന്റെ സച്ചിദാനന്ദ സ്വരൂപത്തിൽ മായയുടെ പ്രതിഭാസങ്ങളെ അദ്ധ്യാരോപം ചെയ്യുന്ന വാസനകളെ നിന്റെ കരുണാമൃതം പൊഴിയുന്ന ഈ ക്ഷണം കൊണ്ട് സർവ്വേശ്വരാ നീ ഒന്നു ഒഴിവാക്കിത്തരണമേ* എന്നാണല്ലോ.

ഇങ്ങനെയൊക്കെ വിചാരിക്കുമ്പോഴും നിന്നിടത്തുനിന്നു ചുവടുമാറ്റിച്ചവിട്ടുവാൻ എനിക്കു കഴിഞ്ഞിരുന്നില്ല. കൈ പതുക്കെ ജനൽപ്പടിയിൽ നിന്നും ഇളക്കി ചൂടുവെള്ളം വരുന്ന പൈപ്പുവരെ വന്ന് അതിൽ ഇറുകെ പിടിച്ചുകൊണ്ട് ജനൽപടിയിൽ ഇരുന്ന കപ്പ് എടുത്തു ചൂടുവെള്ളം പകർന്ന് തലയിലും ശരീരത്തിലും ഒഴിച്ചു. അതിനുവേണ്ടി കൈ ചലിപ്പിക്കുമ്പോഴൊക്കെ നടുവ് ഒടിഞ്ഞു പോകുമെന്ന് തോന്നി. കൊള്ളിയാൻ മിന്നുന്നതുപോലെയുള്ള വേദന വരുമ്പോഴൊക്കെ ദുഃഖം കടിച്ചമർത്തി...

സർവ്വേശ്വരൻ ക്രിസ്തീയഭക്തന്മാർക്കു കൊടുത്ത കാരുണ്യവും അവർക്കതിൽനിന്നു ലഭിച്ച മനഃസ്ഥൈര്യവും എന്നിലും പ്രത്യാശയുണ്ടാക്കി...

എങ്ങനെയോ ഞാൻ തലയിലും മുഖത്തും ശരീരത്തിലും തേച്ചിരുന്ന കുഴമ്പെല്ലാം ഒട്ടുമുക്കാൽ കഴുകി മാറ്റി. കുനിഞ്ഞു കാലിൽ തൊടാൻ കഴിയുന്നില്ല. വളരെ ശ്രമപ്പെട്ട് കുളിമുറി തുറന്ന് പുറത്തുവന്ന് അവിടെ

നിന്നവരുടെ സഹായത്തോടെ കിടക്കയിലെത്തി. രണ്ടു സുഹൃത്തുക്കൾ ശരീരത്തിൽ പറ്റിയിരുന്ന ശേഷിച്ച എണ്ണയും സോപ്പുമെല്ലാം തുടച്ചു മാറ്റിത്തന്നു.

വർക്കല നിന്നു യാത്ര തിരിക്കുമ്പോൾ കുട്ടപ്പൻവൈദ്യൻ എന്ന മർമ്മ ചികിത്സകൻ എന്റെ ആവശ്യത്തിനായി പ്രത്യേകം തയ്യാർ ചെയ്തുതന്ന ഒരെണ്ണ കൂടെ കൊണ്ടുവന്നിരുന്നത് ഓർമ്മിച്ചു. രണ്ടുപേർ മാറിമാറി അത് ഇടുപ്പിലിടുകയും ചൂടുപിടിപ്പിക്കയും ചെയ്തുകൊണ്ടിരുന്നു...

അതിനിടയിൽ മൂന്നാമതൊരാൾ ചാവറയച്ചന്റെ ജീവചരിത്രം വായിച്ചു കേൾപ്പിച്ചു. അർപ്പിതമായ ആ ധന്യജീവിതം കേട്ടുകൊണ്ടിരിക്കുന്നവൻ എല്ലാം മറന്നു പോകുമെന്നുള്ളതിന് ഒരു നല്ല ഉദാഹരണമായിരുന്നു, എന്റെ ശരീരത്തിൽ ഉണ്ടായിരുന്ന വേദന വളരെ തീവ്രമായിരുന്നുവെങ്കിലും ചാവറ കുര്യാക്കോസച്ചന്റെ ജീവിതത്തിലെ ഓരോ ധന്യനിമിഷത്തേയും ഉൾക്കൊള്ളുമ്പോഴുണ്ടാകുന്ന അവാച്യസുന്ദരമായ ആദ്ധ്യാത്മാനുഭവം.

മുമ്പൊരിക്കൽ കാലിഫോർണിയായിലെ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിൽ എനിക്ക് ആവിലായിലെ സെന്റ് തെരീസായുടെ *ഇന്റീരിയർ കാസിലും* സെന്റ് ജോൺ ഓഫ് ദി ക്രോസിന്റെ *The Dark Nights of the Soul, The Flaming Love of God, Canticle of Canticles* എന്നിവ പഠിപ്പിക്കുവാനുണ്ടായിരുന്നു. *ഡിസ്കാൾസ്ലേറ്റഡ് കാർമലൈറ്റ് സഭ* പുനരാവിഷ്ക്കരിക്കുന്നതിന് വിശുദ്ധ തെരീസാമാതാവും, സെന്റ് ജോൺ ഓഫ് ദി ക്രോസ്സും സഭാതലത്തിൽ അനുഭവിക്കേണ്ടിവന്ന ക്രൂരത നിറഞ്ഞ പരീക്ഷണങ്ങൾ വായിക്കുമ്പോൾ എന്റെ നാട്ടിൽത്തന്നെ ഈ അനുഭവമുള്ള രണ്ടുപേരുണ്ടെന്ന് ഞാൻ അറിഞ്ഞിരുന്നില്ല. ഒരിക്കൽ സന്ദർഭവശാൽ ഭരണങ്ങാനത്തു പോയതുകൊണ്ട് സിസ്റ്റർ അൽഫോൻസായുടെ ശവകുടീരം കാണാനിടയായി. എന്നാൽ മാന്നാനത്തു പോകുവാൻ കഴിഞ്ഞത് 1986 ഫെബ്രുവരി മാസത്തിൽ പരമപൂജ്യനായ മാർപ്പാപ്പാ തിരുമേനി കോട്ടയം സന്ദർശിച്ചതിന്റെ തലേദിവസം മാത്രമാണ്.

ചാവറയച്ചന്റെ ധന്യമായ ജീവചരിത്രം വായിച്ചുകേൾക്കുമ്പോൾ എനിക്ക് ഭാരതത്തിലെ ജാതിയും മതവും ഒക്കെ തിരഞ്ഞു ജീവിക്കുന്ന സാമൂഹിക ശൈലിയോട് അളവറ്റ വെറുപ്പു തോന്നുന്നു. ഞാൻ ജനിച്ചു വളരുവാൻ ഇടയായ സമുദായത്തിലെ സമുദായ നേതാക്കന്മാർ, വാഗ്മികൾ, ഉദ്യോഗസ്ഥന്മാർ, ഉന്നതബിരുദധാരികൾ ഇങ്ങനെ പലരേയും വർഷങ്ങൾക്കുമുമ്പ് സ്വന്തം കുടുംബത്തിൽ ഉള്ളവരെപ്പോലെ ഞാൻ പരിചയിച്ചിരുന്നു; ശരിയാണ്. എന്നാൽ സ്വാതന്ത്ര്യലബ്ധിക്കും ഐക്യകേരള പ്രാപ്തിയ്ക്കും ശേഷം മാത്രമേ സമുദായം പിരിച്ചുവയ്ക്കാതെ സമുദായനേതാക്കന്മാരെയും, സാഹിത്യകാരന്മാരെയും, കവികളെയും ഒക്കെ മനസ്സിലാക്കാൻ ഇവിടെ തുടങ്ങിയിട്ടുള്ളു എന്ന സത്യവും മുൻപിലുണ്ട്. എന്നിരിയ്ക്കൽ കൂടി ചാവറയച്ചനെപ്പോലെയുള്ള ഒരു അസാധാരണ വ്യക്തിപ്രതിഭയെ, ഒരദ്ധ്യാത്മിക ദിവ്യ

തേജസ്സിനെ ഇത്രയും വലിയ ഒരു ഭാഷാസ്നേഹിയെ, ഒരു കവിയെ, എല്ലാറ്റിനുമുപരി നൂറുശതമാനവും സമർപ്പിത ജീവിതം ദൈവത്തിനു നൽകിയ ഒരു മഹാത്മാവിനെ, അല്പമായൊന്നറിഞ്ഞ് ആദരിക്കുവാൻ ഇത്ര വൈകി മാത്രമേ എനിക്കവസരം കിട്ടിയിട്ടുള്ളു എന്നോർക്കുമ്പോൾ നമ്മുടെ സാമൂഹിക ജീവിതത്തിൽ പടുത്തുയർത്തപ്പെട്ടിട്ടുള്ള കനത്ത ഭിത്തികൾ എത്ര കടുത്ത ദ്രോഹമാണ് വരുത്തിക്കൂട്ടിയിരിക്കുന്നതെന്ന് ചിന്തിക്കാതിരിക്കാൻ കഴിയുന്നില്ല. അടുത്തകാലത്ത് അഹമ്മദുകുട്ടി ശിവപുരം എഴുതിയ ഒരു പുസ്തകവും മഹാകവി സയ്യിദ് മുഹമ്മദ് എഴുതിയ *മാഹമ്മദ മഹാകാവ്യം* (നബിചരിതം) എന്ന കൃതിയും വായിക്കുവാനിടയായി. അപ്പോൾ മാത്രമാണ് മുസ്ലീം സഹോദരന്മാരുടെയിടയിൽ ഞാനറിയുന്നതിനേക്കാൾ എത്രയോ ഭാഷാസ്വാധീനമുള്ള സഹൃദയ സമ്പന്നന്മാർ ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്!

ചാവറയച്ചന്റെ ജീവിതചിത്രം അറിയുന്നതുകൊണ്ട് ക്രിസ്തീയേതര സമുദായക്കാർക്ക് ക്രിസ്തീയ ജിവിതത്തിന്റെ ആഴവും പരപ്പും മാത്രമല്ല അത് ഉൾക്കൊള്ളുന്ന മഹനീയ മൂല്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് എത്ര വലിയ ത്യാഗമാണ് ഒട്ടനവധി ക്രിസ്തീയ സന്യാസിമാരും പ്രവർത്തകരും നല്കിയിട്ടുള്ളത് എന്നുകൂടി മനസ്സിലാകും. ഇത് ഉറങ്ങിക്കിടക്കുന്ന സഹോദര സമുദായങ്ങളെ ഉണർത്തുകയും, ഈ മഹാത്മാക്കൾ കാണിച്ച മാതൃക പകർത്തി മുമ്പു നടന്നിട്ടില്ലാത്ത അസാധാരണവും അത്ഭുതകരവുമായ പാതകളിൽ നടക്കുവാനുള്ള ഉത്സാഹവും പ്രോത്സാഹനവും നല്കുകയും ചെയ്യുമെന്നതിനു സംശയമില്ല.

നിർമ്മലവും വിശുദ്ധവുമായ വ്യക്തിജീവിതത്തിൽ ചാവറയച്ചന് ശാരീരിക പീഡനങ്ങളും രോഗവും വാർദ്ധക്യവും ശക്തിഹീനതയും താങ്ങാനാവാത്ത വിധത്തിൽ ഉണ്ടായിരുന്നു. എന്നാൽ അധികാരമോഹം, തെറ്റായ ധാരണകൾ, രാഗദ്വേഷങ്ങൾ എന്നിവകൊണ്ട് സമൂഹത്തിനുണ്ടാകുന്ന പിളർപ്പും നിരാകരണവും, അതു നൽകുന്ന രുജയും മേൽപറഞ്ഞവയേക്കാൾ എത്രയോ അധികമായിരുന്നു. ഇവയെല്ലാം ചാവറയച്ചന്റെ ജീവചരിത്രത്തിലേയ്ക്കു കണ്ണോടിച്ചാൽ നമുക്കു കാണാനാവും. ദുഃഖസാഗരത്തിന്റെ അലമാലകൾ ചൂഴ്ന്നുയുർന്നപ്പോഴും പ്രശാന്തമനസ്കനായ യമിയായി നിലകൊള്ളാൻ അദ്ദേഹത്തിനു കഴിഞ്ഞു. തെറ്റുകളെ ശക്തമായി എതിർക്കുമ്പോൾപോലും തെറ്റുചെയ്തവനോടുള്ള കാരുണ്യത്തിന് അതിരുണ്ടായിരുന്നില്ല. തന്റെ പ്രതിജ്ഞയായ *അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം* എന്നിവയിൽനിന്ന് അണുവോളം വ്യതിചലിക്കാതെയും തന്റെ കർമ്മധാരയെ ദൈവത്തെ സാക്ഷ്യപ്പെടുത്തി സ്വധർമ്മത്തിനു പോറലേല്ക്കാതെയും ആണ് ചാവറയച്ചൻ കൊണ്ടുപോയതും.

വലിയ സംഘാടകനും സംയോജകനുമായിരുന്നു ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. അഭൂതപൂർവ്വമായ ജനസമ്മിതിക്കു അദ്ദേഹം പാത്രമായി,

സമാരാധ്യനായിരുന്നപ്പോൾ പോലും ഒരു മഹിമയും തന്റേതായി അദ്ദേഹം എണ്ണിയില്ല. എല്ലാം പരമകാരുണികയനായ ഈശ്വരന്റെ ദയാവായ്പു കൊണ്ടു ജനങ്ങൾക്കു ലഭിക്കുന്ന കൃപാകടാക്ഷം എന്നുമാത്രമേ ആ മഹാ പുരുഷൻ കരുതിയുള്ളൂ. താൻ ഒരു നിമിത്തമെന്നതിലധികമായി അദ്ദേഹം തന്റെ മഹിമയെ ഒരിക്കലും കണ്ടിരുന്നില്ല.

ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ വാഴ്ത്തപ്പെട്ടവനെന്ന് ഔദ്യോഗി കമായി വിളിക്കപ്പെട്ടുവെങ്കിലും ആ പുണ്യാത്മാവിനെ സ്വമാതാവിന്റെ ഗർഭ പാത്രത്തിൽ പ്രവേശിക്കുമ്പോൾത്തന്നെ വാഴ്ത്തപ്പെട്ടവനായി ദൈവം എണ്ണി യിരിക്കുമെന്നതിൽ സംശയമില്ല. കരണകളേബരങ്ങളോടുകൂടിയ വ്യക്തി ത്വത്തിൽനിന്നും ത്യാഗത്തിന്റെ ചാലുകീറി മമതയേയും അഹങ്കാരത്തേയും ബഹിഷ്കരിക്കുംതോറും നല്ല പാത്രത്തിൽ ദൈവേച്ഛ നടപ്പിൽ വരുത്തുവാ നുള്ള വ്യക്തമായ ധാരണയും ഒടുങ്ങാത്ത പ്രചോദനവും, സർവോപരി സാന്ത്വനപ്രകാശവും നിറഞ്ഞുകൊണ്ടിരിക്കുമെന്നതിന് ഉത്തമോദാഹര ണമാണ് ചാവറയച്ചന്റേത്.

*മാമകപ്പിതാവുനീ ഭാഗ്യവുമെനിക്കു നീ*
*മംഗലം നീയെന്നിയേ മറ്റെന്തുഗുണം നാഥാ*
*എന്നുടെ സ്നേഹം നീയേ ഭാഗ്യവുമെനിക്കു നീ*
*നിന്നിലല്ലാതെ ഞാനുമെങ്ങനെ ജീവിക്കുന്നു*
*ശ്വാസവുമെനിക്കു നീ ഭക്ഷണപാനീയം നീ*
*ആശ്വാസം നിന്നിലല്ലാതെവിടെ വയ്ക്കും നാഥാ.*[2]

ഇങ്ങനെ ദയാസിന്ധുവായും ദീനപരായണനായും ഭോജനപാനീയമായും എപ്പോഴും കണ്ടു ധ്യാനിക്കുന്നവന് താദാത്മ്യബുദ്ധികൊണ്ട് ഈ മാഹാ ത്മ്യങ്ങൾ സ്വാനുഭവമാക്കാൻ കഴിയുമെന്നതിനു സംശയമില്ല. നിത്യവന്ദനീ യമായ ആത്മാവിന്റെ പുണ്യകർമ്മങ്ങൾ എന്നും ലോകം സ്മരിക്കും. എന്നാൽ അതിലും അധികമായി അദ്ദേഹത്തിന്റെ വയോവിലാസങ്ങൾ മല യാളഭാഷയുടെ ഉഷസ്സിൽ വിരിഞ്ഞ അത്ഭുതസൂനങ്ങൾ എന്ന നിലയ്ക്ക് കാലം ചെല്ലുന്തോറും അധികമായി വാഴ്ത്തപ്പെട്ടുകൊണ്ടുതന്നേയിരിക്കും.

വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ മഹനീയജീവിതത്തിലേയ്ക്ക് ശ്രദ്ധയോടെ ഒരു നിമിഷം നോക്കിയിരിക്കുവാൻ സർവ്വജ്ഞനായ ദൈവം ഒരവസരവും സാഹചര്യവും ഒരുക്കിത്തന്നതിന് ദൈവത്തോടും ദൈവേച്ഛ നടത്തുന്ന പരി വാരത്തോടും എനിക്കു തോന്നുന്ന നിസ്സീമമായ കൃതജ്ഞത ഇവിടെ രേഖ പ്പെടുത്തിക്കൊള്ളുന്നു. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്ന മഹ നീയ നാമം എന്നും ലോകത്തിന് ഒരു വിളക്കും പ്രചോദനവും ആയിരി ക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. ■

**പരാമർശ സൂചിക**


1. *ആത്മാനുതാപം* (1. 1-8)
2. *ആത്മാനുതാപം* (11. 141-146)